ബാക്കി ഭാഗം കരാർ വ്യവസ്ഥയിൽ ചെയ്യുന്നതിനു G.O. (Rt) 42/85/W and P dated 15-1-1985 പ്രകാരം കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുണ്ട്. ഈ വകയ്ക്കു 5 ലക്ഷം രൂപ കൂടി പലിശയില്ലാ അഡ്വാൻസായി കോർപ്പറേഷനു അനുവദിച്ചുകൊടുത്തിട്ടുണ്ട്. എന്നാൽ മുൻ കരാറുകാരി, തന്റെ ചെയ്ത പണിയുടെ അളവിനെ സംബന്ധിച്ചു തീരുമാനങ്ങൾക്കായി കോടതിയെ സമീപിച്ചിട്ടുണ്ട്. കൺസ്ട്രക്ഷൻ കോർപ്പറേഷനെ കൊണ്ട് പണി തുടങ്ങുന്നതിനാവശ്യമായ അടിയന്തിര നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പാലാട് പടന്ന തോട്ടിൽ കെട്ടിക്കിടക്കുന്ന മലിന ജലം

424 [461] ശ്രീ. പി. ഭാസ്ക്കരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മുനിസിപ്പാലിറ്റിയിൽനിന്നും ഒഴുക്കിപ്പോകുന്ന അഴുക്ക് ജലം പാലാട് പടന്ന തോട്ടിൽ കെട്ടിക്കിടക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ഇതിന് പരിഹാരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഹാരനടപടി എന്ന നിലയിൽ ഒരു സീവേജ് ഫിൽറ്റർ നിർമ്മിച്ച് അഴുക്ക് ജലം സംസ്കരിച്ച് സമീപത്തുള്ള തോട്ടിലേയ്ക്ക് വിടുവാനുള്ള സംവിധാനം ഉണ്ടായിരുന്നു. ഈ സംവിധാനത്തോട് വദനപ്പാലം പരിസരത്തുള്ള ജനങ്ങൾ എതിർപ്പ് പ്രകടിപ്പിച്ചിരുന്നു. മുനിസിപ്പാലിറ്റിയിൽനിന്നും ഉള്ള മലിനജലം പള്ളിക്കുന്ന് പഞ്ചായത്തിൽപ്പെട്ട വദനപ്പാലത്ത് ഒഴുകി എത്തരുതെന്നാണ് അവരുടെ നിലപാട്. പ്രകൃതി അനുസരിച്ച് മുനിസിപ്പാലിറ്റിയ്ക്ക് തൊട്ട് കിടക്കുന്ന താഴ്ന്ന പ്രദേശം എന്ന നിലയ്ക്ക് അഴുക്കു വെള്ളത്തിന്റെ ഒഴുക്ക് ഒഴിവാക്കുക പ്രയാസമാണ്. നിലവിലിരിക്കുന്ന ഫിൽറ്ററിലേയ്ക്കുള്ള പമ്പിംഗ് സംവിധാനത്തിന് നാട്ടുകാർ നിരന്തരം നാശനഷ്ടങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്. ഇപ്പോൾ ജില്ലാ കലക്ടറും മറ്റും ഇടപെട്ട് ഒരു ആക്ഷൻ കമ്മിറ്റി സംഘടിപ്പിക്കുകയും കമ്മിറ്റി വേണ്ട നടപടികൾ കൈക്കൊണ്ടു വരികയും ചെയ്യുന്നു.

കവടിയാർ പണ്ഡിറ്റ് കോളനി ഹൗസിംഗ് സ്കീമിനോടനുബന്ധിച്ചുള്ള ഡ്രെയിനേജ് സ്കീം

425 [462] ശ്രീ. പി.സി. ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും ജലസേചനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കവടിയാർ ഭാഗത്തുള്ള പണ്ഡിറ്റ് കോളനി ഹൗസിംഗ് സ്കീമിനോടനുബന്ധിച്ചുള്ള തിരുവനന്തപുരം ഡ്രെയിനേജ് സ്കീം ''ഡി'' ബ്ലോക്കിന്റെ പണികൾ ഇതുവരെ തുടങ്ങാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly